കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

1999 ജൂൺ 22, ചൊവ്വ

നിയമസഭ 1999 ജൂൺ മാസം 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....ചോദ്യം : 31

1 (*31) ഡി.പി.ഇ.പി.യുടെ ന്യൂനതകൾ

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. ഏർപ്പെടുത്തിയതിനുശേഷമുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ പ്രൈമറി പാഠ്യപദ്ധതി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദവിവരങ്ങൾ നൽകുമോ;

(സി) ഡി.പി.ഇ.പി. പ്രൈമറി വിദ്യാഭ്യാസ പദ്ധതിയുടെ ന്യൂനതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ന്യൂനതകളെപ്പറ്റി എന്തെല്ലാം പഠനം നടത്തി;

(ഇ) ആരെല്ലാമാണ് പഠനം നടത്തിയത്;

(എഫ്) പഠനം നടത്തിയവർക്ക് ഇക്കാര്യത്തിലുള്ള പ്രത്യേക യോഗ്യത യെന്തെല്ലാമാണ്;

(ജി) ഇത് സംബന്ധിച്ച് പഠനം നടത്തിയവരുടെ ശുപാർശകൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഈ ശുപാർശകളുടെ ഫീസിബിലിറ്റിയെപ്പറ്റി പരിശോധിച്ചുവോ;

(ഐ) ഡി.പി.ഇ.പി. അനുസരിച്ച് പ്രൈമറി ക്ലാസ്സുകളുടെ പാഠ്യപദ്ധതി എന്നത്തേയ്ക്ക് പരിഷ്കരിക്കുവാൻ കഴിയുമെന്ന് പറയുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ,

(എ)&(ബി)പ്രൈമറി പാഠ്യപദ്ധതി പരിഷ്കരിച്ചുകഴിഞ്ഞു. 1997-98 വർഷത്തിൽ പരിഷ്കരിച്ച പ്രൈമറി പാഠ്യപദ്ധതി ഡി.പി.ഇ.പി. നടപ്പിലാക്കിയ ആറു ജില്ലകളിൽ പ്രാവർത്തികമാക്കി. കൂടുതൽ വിലയിരുത്തലിനുശേഷം പാഠഭാഗങ്ങളിലെ അപാകതകൾ പരിഷ്കരിച്ച് 1998-99 വർഷത്തിൽ പുതിയ പ്രൈമറി പാഠ്യപദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

(സി)(ഡി)&(ഇ) പുതിയ പാഠ്യപദ്ധതിയുടെ ചില പ്രായോഗിക വൈഷമ്യങ്ങളും പാഠഭാഗങ്ങളിൽ ഉണ്ടായിട്ടുള്ള ചില കുറവുകളും ഭാഷാപരമായ ചില ന്യൂനതകളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡി.പി.ഇ.പി. ജില്ലകളിലെ പഠനാനുഭവങ്ങളെപ്പറ്റി അവർ തന്നെ വിലയിരുത്തിയിട്ടുണ്ട്. പാഠ്യപദ്ധതിയെപ്പറ്റി ഉയർന്നുവന്നിട്ടുള്ള വിമർശനങ്ങളും ന്യൂനതകളും പഠിക്കുവാനായി സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിട്ടുണ്ട്.

1. പ്രൊഫ. എസ്. ഗുപ്തൻ നായർ
2. പ്രൊഫ. ബി. ഹൃദയകുമാരി
3. പ്രൊഫ. മോഹൻ മേനോൻ (ചെയർമാൻ നാഷണൽ ഓപ്പൺ സ്കൂൾ)
4. ഡോ. എം.എം. ബഷീർ (മലയാളം ഡിപ്പാർട്ടുമെന്റ്, കാലിക്കട്ട് യൂണിവേഴ്സിറ്റി)
5. പ്രൊഫ. കെ.പി. ശങ്കരൻ (റീഡർ, ആർ.ഐ.ഇ, മൈസൂർ)
6. ശ്രീ. സി.ജി. ശാന്തകുമാർ (ഡയറക്ടർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്)

(എഫ്) സർവ്വസമ്മതരായ അദ്ധ്യാപകരും വിദ്യാഭ്യാസ വിദഗ്ദ്ധരുമാണ് കമ്മിറ്റിയിലുള്ളത്.

(ജി) പ്രസ്തുത കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. കമ്മിറ്റി സമർപ്പിച്ച പ്രാഥമിക റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഈവർഷത്തെ ഒന്നും രണ്ടും ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

(എച്ച്) പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾ കരിക്കുലം കമ്മിറ്റി പരിശോധിച്ചു.

(ഐ) 'ബി' ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

മി. സ്പീക്കർ : ചോദ്യം നമ്പർ 39, 51, 52 എന്നിവ ഇതിന്റെ കൂടെ ക്ലബ്ബ് ചെയ്തെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly